**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4890** **11-08-2021 - ൽ മറുപടിയ്ക്ക്**

**ആശ്വാസകിരണം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എം.സച്ചിൻദേവ് | | Dr. R. Bindu<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | ശിശു വികസന വകുപ്പിലൂടെ നൽകി വരുന്ന ആശ്വാസകിരണം പദ്ധതിയിലൂടെ ഇപ്പോൾ ധനസഹായം നൽകുന്നുണ്ടോ; ഈ പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | സാമൂഹ്യനീതി വകുപ്പ് കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേനയാണ് 'ആശ്വാസകിരണം' പദ്ധതി നടപ്പിലാക്കി വരുന്നത്. തീവ്രമായ ശാരീരിക/ മാനസിക വെല്ലുവിളി നേരിടുന്നവരെയും 100% അന്ധത ബാധിച്ചവരെയും, ബുദ്ധിമാന്ദ്യം, ഓട്ടിസം, സെറിബ്രൽ പാൾസി എന്നീ രോഗങ്ങൾ ബാധിച്ചവരെയും പ്രായാധിക്യം കൊണ്ടും ക്യാൻസർ മുതലായ പലവിധ രോഗങ്ങളാലും കിടപ്പിലാവുകയും ദൈനംദിന കാര്യങ്ങൾക്ക് പരസഹായം ആവശ്യമാവുകയും ചെയ്യുന്ന അവസ്ഥയിലുള്ള ആളുകളെയും അവരുടെ പരിചാരകരെയും ഉൾപ്പെടുത്തി, പരിചരിക്കുന്ന ഒരാൾക്ക് പ്രതിമാസം 600/- രൂപ നിരക്കിൽ ധനസഹായം അനുവദിക്കുന്ന ആശ്വാസകിരണം പദ്ധതി കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന നടപ്പിലാക്കിവരുന്നു. നേരത്തെ ധനസഹായം ലഭിച്ചുകൊണ്ടിരുന്നവർ വീണ്ടും പുതിയ അപേക്ഷകൾ സമർപ്പിക്കണമെന്ന് ആവശ്യപ്പെട്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. ടി പദ്ധതിയിലെ നിലവിലുള്ള ഗുണഭോക്താക്കളുടെ ഇരട്ടിപ്പ് ഒഴിവാക്കുന്നതിനായി ലൈഫ് സർട്ടിഫിക്കറ്റും ആധാർ, ബാങ്ക് അക്കൗണ്ട് വിവരങ്ങളും ശേഖരിച്ചു വരുന്നു. |
| (ബി) | നേരത്തെ ആശ്വാസകിരണം പദ്ധതിയിൽ ധനസഹായം ലഭിച്ചു കൊണ്ടിരുന്നവർ വീണ്ടും പുതിയ അപേക്ഷകൾ സമർപ്പിക്കണമെന്ന സർക്കാർ ഉത്തരവുണ്ടോ; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (ബി) | സാമൂഹ്യനീതി വകുപ്പ് കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേനയാണ് 'ആശ്വാസകിരണം' പദ്ധതി നടപ്പിലാക്കി വരുന്നത്. തീവ്രമായ ശാരീരിക/ മാനസിക വെല്ലുവിളി നേരിടുന്നവരെയും 100% അന്ധത ബാധിച്ചവരെയും, ബുദ്ധിമാന്ദ്യം, ഓട്ടിസം, സെറിബ്രൽ പാൾസി എന്നീ രോഗങ്ങൾ ബാധിച്ചവരെയും പ്രായാധിക്യം കൊണ്ടും ക്യാൻസർ മുതലായ പലവിധ രോഗങ്ങളാലും കിടപ്പിലാവുകയും ദൈനംദിന കാര്യങ്ങൾക്ക് പരസഹായം ആവശ്യമാവുകയും ചെയ്യുന്ന അവസ്ഥയിലുള്ള ആളുകളെയും അവരുടെ പരിചാരകരെയും |

| | | | |
|---|---|---|---|
| | | | ഉൾപ്പെടുത്തി, പരിചരിക്കുന്ന ഒരാൾക്ക് പ്രതിമാസം 600/- രൂപ നിരക്കിൽ ധനസഹായം അനുവദിക്കുന്ന ആശ്വാസകിരണം പദ്ധതി കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന നടപ്പിലാക്കിവരുന്നു. നേരത്തെ ധനസഹായം ലഭിച്ചുകൊണ്ടിരുന്നവർ വീണ്ടും പുതിയ അപേക്ഷകൾ സമർപ്പിക്കണമെന്ന് ആവശ്യപ്പെട്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. ടി പദ്ധതിയിലെ നിലവിലുള്ള ഗുണഭോക്താക്കളുടെ ഇരട്ടിപ്പ് ഒഴിവാക്കുന്നതിനായി ലൈഫ് സർട്ടിഫിക്കറ്റും ആധാർ, ബാങ്ക് അക്കൗണ്ട് വിവരങ്ങളും ശേഖരിച്ചു വരുന്നു. |
| (സി) | ആശ്വാസ കിരണം പദ്ധതിയുടെ അപേക്ഷകൾ ഓൺ ലൈനിലൂടെ സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (സി) | കേരള സാമൂഹ്യ സുരക്ഷാ മിഷനും കേരള സ്റ്റാർട്ട്അപ് മിഷനുമായി ചേർന്ന് അപേക്ഷകൾ ഓൺലൈനിലൂടെ സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ